## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 545** **05/07/2013-ൽ മറുപടിക്ക്**

**<u>വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി പത്താം ക്ലാസ്സ് പരീക്ഷയിൽ ഇളവുകൾ നേടുന്നതിന് നിയന്ത്രണം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ഡോ. കെ.ടി. ജലീൽ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എം. ഹംസ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എസ്.എസ്. എൽ.സി പരീക്ഷ എഴുതുന്നവരിൽ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ എണ്ണം കൂടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നവരിൽ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അനുവദിച്ചിട്ടുള്ള പരീക്ഷാ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്ന കുട്ടികളുടെ എണ്ണം സമീപ കാലത്ത് കൂടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം വിദ്യാർത്ഥികൾക്ക് എന്തെല്ലാം ഇളവുകളാണ് പരീക്ഷയിൽ നൽകുന്നത്; | (ബി) സംസ്ഥാനത്ത് സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നവരിൽ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് നൽകുന്ന പരീക്ഷാ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br>**A) <u>കാഴ്ചക്കുറവുള്ള വിദ്യാർത്ഥികൾ</u>**<br>1) ഓരോ മണിക്കൂറിനും പത്ത് മിനിറ്റ് സമയം അധികം അനുവദിക്കുന്നതാണ്. ബ്രെയിലി ലിപിയിൽ പരീക്ഷ എഴുതുന്നവർക്ക് ഓരോ മണിക്കൂറിനും 15 മിനിറ്റ് അധിക സമയം ലഭിക്കുന്നതാണ്.<br>2) കൂടാതെ ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രാംസ്, ജൊമെട്രിക്കൽ ഫിഗേഴ്സ് തുടങ്ങിയ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കുന്നതാണ്. ചോദ്യങ്ങളിൽ നിന്ന് ഈ ഭാഗം |

ഒഴിവാക്കിയാണ് മൂല്യനിർണ്ണയം നടത്തുന്നത്.

3) ആവശ്യമെങ്കിൽ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയെ (സ്ക്രൈബ്) അനുവദി ക്കുന്നതാണ്.

4) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് കണക്കു വിഷയം ഒഴിവാക്കാവുന്നതും പകരം കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്ക്, വോക്കൽ മ്യൂസിക്ക്, ഇൻസ്ട്രമെന്റൽ മ്യൂസിക്ക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്.

**B) <u>ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾ</u>**

1) ഈ വിഭാഗം വിദ്യാർത്ഥികളുടെ ഭാഷാ പഠനജ്ഞാനക്കുറവ് പരിഗണിച്ച് അവർക്ക് എഴുത്ത് പരീക്ഷയിൽ നേടുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്കായി കൂടുതൽ ലഭിക്കുന്നതാണ്.

2) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിലേതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (എ) കംപ്യൂട്ടർ വിദ്യാഭ്യാസം (ബി) ഹോൾട്ടികൾച്ചർ (സി) കേറ്ററിംഗ് (ഡി) ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താൽപ്പര്യമുള്ളവ തെരഞ്ഞെടുക്കാവുന്നതാണ്. ഒന്നാം ഭാഷയിൽ രണ്ടു പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം തെരഞ്ഞെടുക്കേണ്ടതാണ്.

3) ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനം ലഭിക്കുന്നതാണ്.

4) ഓരോ പേപ്പറിനും മണിക്കൂറിന് പത്ത് മിനിറ്റ് അധിക സമയം അനുവദിക്കുന്നതാണ്.

C) **ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ**

1) ശാരീരിക വൈകല്യംമൂലം കൈകൾ സ്വതന്ത്രമായി ചലിപ്പിക്കാൻ കഴിയാത്ത പരീക്ഷാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 10 മിനിറ്റ് വീതം അധിക സമയം അനുവദിക്കുന്നതാണ്.

2) ഗ്രാഫ്, ഡയഗ്രം, ഡ്രോയിംഗ്, ജോമെട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്ന് ആവശ്യമെങ്കിൽ ഒഴിവാക്കുന്നതാണ്.

3) കൈകൾ ഉപയോഗിച്ച് എഴുതാൻ സാധിക്കാത്ത കുട്ടികൾക്ക് ഉത്തരം കേട്ടെഴുതുന്നതിന് സഹായിയെ (Scribe) അനുവദിക്കുന്നതാണ്.

4) ഓർത്തോപീഡിക്കലി ഹാൻഡികാപ്ഡ് വിഭാഗം കുട്ടികളുടെ കാര്യത്തിൽ വിദ്യാർത്ഥികൾക്ക് എഴുതുന്ന കൈക്ക് സ്വധീനമില്ലാത്തതിനാൽ Scribe -ന്റെ സേവനം ആവശ്യമാണെന്ന് ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകൻ അനുബന്ധം ഇ-യിൽ സർട്ടിഫൈ ചെയ്യേണ്ടതാണ്.

D) **ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ**

ഈ വിഭാഗത്തിൽപ്പെട്ട ക്കുിികൾക്ക് മുകളിൽ സുചിപ്പിച്ച എ, ബി, സി, വിഭാഗക്കാർക്ക് നൽകുന്ന മുഴുവൻ ആനുകൂല്യങ്ങളും ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്. എന്നാൽ Scribe, Interpreter ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ.

E) **പഠനവൈകല്യം**

പഠന വൈകല്യമുള്ള കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതല്ല. Scribe, Interpreter ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ.

**ഡിസ്‌ലെക്സിയ:** ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധികമായി നൽകുന്നു. കൂടാതെ ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും ലഭിക്കുന്നതാണ്.

**ഡിസ്ഗ്രാഫിയ:** ഈ വിഭാഗം വിദ്യാർത്ഥികൾക്ക് മണിക്കൂറിന് 10 മിനിട്ട് അധിക സമയം അനുവദിക്കുന്നതാണ്. ഇവർക്ക് ആവശ്യ മെങ്കിൽ ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിൽ ഏതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (എ) കംപ്യൂട്ടർ വിദ്യാഭ്യാസം, (ബി) ഹോർട്ടികൾച്ചർ, (സി) കേറ്ററിംഗ്, (ഡി) ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താൽപര്യമുള്ളവ തെരഞ്ഞെടുക്കാവുന്നതാണ്. ഒന്നാം ഭാഷയിൽ 2 പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽപറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും 2 എണ്ണം തെരഞ്ഞെടുക്കേണ്ട താണ്. കൂടാതെ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയേയും (Scribe) ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

**ഡിസ്കാൽക്കുലിയ:** ഈ വിഭാഗം കുട്ടികൾക്ക് കണക്ക് വിഷയം ഒഴിവാക്കുകയോ അല്ലെങ്കിൽ പ്രസ്തുത വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം ആവശ്യപ്പെടു കയോ ചെയ്യാവുന്നതാണ്. ഈ വിഭാഗത്തിൽ പ്പെട്ട കുട്ടികൾക്ക് കണക്ക് പരീക്ഷ എഴുതുന്നുവെങ്കിൽ സിംപിൾ കാൽകുലേറ്റർ ഉപയോഗിക്കുവാൻ അനുവദിക്കുന്നതാണ്. കണക്ക് വിഷയം ഒഴിവാക്കുന്ന പരീക്ഷാർ ത്ഥികൾ പകരമായി കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്ക്സ്, വോക്കൽ മ്യൂസിക്ക്, ഇൻസ്ട്രമെന്റൽ മ്യൂസിക്ക്, എന്നീ വിഷയ ങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരീക്ഷ എഴുതേണ്ടതാണ്. കൂടാതെ ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിറ്റ് വീതം അധിക സമയം അനുവദിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | വ്യാപകമായി, വ്യാജസർട്ടി ഫിക്കറ്റുകൾ ഹാജരാക്കി ഇളവുകൾ നേടിയെടുത്ത് പരീക്ഷയിൽ ഉന്നതമായ വിജയം നേടിയെടുക്കുന്നു | (സി) | ശ്രവണവൈകല്യമുള്ള വിദ്യാർത്ഥികൾ ഓർത്തോപീഡിക്കലി ഹാൻഡികാപ്ഡ്, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, കാഴ്ചക്കുറവുള്ള കുട്ടികൾ മുതലായ വിഭാഗം കുട്ടികൾക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുകളുടേയും സ്കൂൾ |

എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

പ്രധാനാദ്ധ്യാപകൻ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ ശുപാർശയുടെയും അടിസ്ഥാനത്തിലാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരീക്ഷാ ഇളവുകൾ നൽകുന്നത്. എന്നാൽ പഠന വൈകല്യം ഉള്ള കുട്ടികൾക്ക് നിലവിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് കിട്ടാത്ത സാഹചര്യത്തിൽ സർക്കാർ സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. പഠന വൈകല്യം ഉള്ളതായി കാണിച്ച് അനർഹരായ കുട്ടികൾ പരീക്ഷാ ഇളവുകൾ നേടുന്നതായി ലഭിച്ചിട്ടുള്ള ചില പരാതികളിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഭാവിയിൽ ഇത്തരം പരാതികൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇത്തരം പ്രവർത്തനങ്ങൾ സംബന്ധിച്ച മറ്റ് വിദ്യാർത്ഥികളുടെ പരാതികൾ ലഭിച്ചിട്ടുണ്ടോ; ആശാസ്യമല്ലാത്ത ഇത്തരം പ്രവൃത്തികൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) പഠനവൈകല്യമുണ്ടെന്ന് തെറ്റായ വിവരം നൽകി ചില വിദ്യാർത്ഥികൾ അനർഹമായ പരീക്ഷാനുകൂല്യങ്ങൾ നേടി എന്ന് കാണിച്ച് ചില സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. അവയിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

Sreedevi

**സെക്ഷൻ ഓഫീസർ**